വിഴിഞ്ഞം കലാപത്തിൽ മരണമടഞ്ഞവരുടെ സംഖ്യ

33 [1145] ശ്രീ. വി. ജെ. തങ്കപ്പൻ:
,, സി. കെ. സദാശിവൻ:
,, എം. നാരായണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം സംഘട്ടനത്തിൽ എത്രപേർ മരണമടഞ്ഞു; എത്ര ലക്ഷം രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായി?

ഉത്തരം

1995 മേയ് മാസത്തിൽ നടന്ന കലാപത്തിൽ രണ്ടു പേരും 10-7-1995-ന് നടന്ന കലാപത്തിൽ ഏഴു പേരും മരണമടഞ്ഞിട്ടുണ്ട്. (നാശനഷ്ടങ്ങളുടെ കണക്ക് പിന്നീട് നൽകുന്നതാണ്.)

പ്രതിഷേധ പ്രകടനം നടത്തിയവർക്ക് നേരെ ലാത്തിച്ചാർജ്ജ്

34 [1146] ശ്രീ. സി. പി. ബാലൻ വൈദ്യർ:
,, എ. കണാരൻ:
,, ടി. കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ഫെബ്രുവരി 2-ന് കോഴിക്കോട് സഹകരണ വകുപ്പ് മന്ത്രിക്കെതിരെ പ്രതിഷേധ പ്രകടനം നടത്തിയവർക്ക് നേരെ നടന്ന ലാത്തി ചാർജ്ജിനെക്കുറിച്ച് സർക്കാർ അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ലാത്തിച്ചാർജ്ജിന്റെ ഫലമായി എത്രപേർക്ക് പരിക്കേറ്റു;

(സി) ഇത് സംബന്ധിച്ച് എത്ര പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ അന്വേഷണം ഏർപ്പെടുത്തിയിട്ടില്ല.

(ബി) 68 പോലീസുകാർ ഉൾപ്പെടെ 142 പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട്.

(സി) 2000 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇൻഡ്യൻ ശിക്ഷാനിയമത്തിലെ 143, 144, 145, 147, 148, 150, 151, 152, 153, 332, 333, 307, 149 എന്നീ വകുപ്പുകളും, പൊതു മുതൽ നശീകരണ (തടയൽ) നിയമത്തിലെ 3 (2) (ഇ) വകുപ്പും പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly